എറണാകുളം ജില്ലാസഹകരണ ബാങ്കിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

109 (6560) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലാ സഹകരണ ബാങ്കിലെ നിലവിലുള്ള പ്യൂൺ/വാച്ച്മാൻ ഒഴിവുകൾ കൃത്യസമയത്ത് പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടോ എന്നറിയിക്കുമോ ;

(ബി) ഏതെല്ലാം ഒഴിവുകളാണ് ഇതുവരെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തത് ;

(സി) 2014 ജൂലൈ 31 വരെ എത്ര ഒഴിവുകൾ ഉണ്ടാകാനിടയുണ്ടെന്നും ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്താണ് കാരണമെന്നും അറിയിക്കുമോ ;

(ഡി) ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പിന്റെ 13 ഫെബ്രുവരി 2014-ലെ 3943 നമ്പർ പരിപത്രം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അത് എറണാകുളം ജില്ലാ സഹകരണ ബാങ്കിലെ പ്യൂൺ/വാച്ച്മാൻ ഒഴിവുകൾ സംബന്ധിച്ച് പാലിക്കപ്പെടുന്നുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എറണാകുളം ജില്ലാ സഹകരണ ബാങ്കിലെ നിലവിലുള്ള പ്യൂൺ/വാച്ച്മാൻ ഒഴിവുകളിലേക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കുകളുടെ ക്ലാസിഫിക്കേഷൻ മാറ്റുന്നതിനനുസരിച്ച് ജീവനക്കാരുടെ എണ്ണത്തിലും ഏറ്റക്കുറച്ചിൽ ഉണ്ടാകുമെന്നതുകൂടി പരിഗണിച്ച് എറണാകുളം ജില്ലാ സഹകരണ ബാങ്ക് ഭരണസമിതി തീരുമാനം കൈക്കൊണ്ട ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതുസംബന്ധിച്ച് വീഴ്ച വന്നിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) എറണാകുളം ജില്ലാ സഹകരണ ബാങ്ക് ഭരണസമിതി അംഗീകരിച്ച എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 2014 ജൂലൈ 31 വരെയുള്ള ഒഴിവുകൾ കണക്കാക്കി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ ക്ലാസിഫിക്കേഷനിൽ വരുന്ന മാറ്റത്തിനനുസരിച്ച് ജീവനക്കാരുടെ എണ്ണത്തിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നത് കണക്കാക്കുവാൻ കഴിയാതിരുന്നതിനാലാണ് മുൻകൂട്ടി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ കഴിയാതിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ സി) വകുപ്പിന്റെ 13-2-2014-ലെ പരിപത്രം സർക്കാരിന്റെ വിവിധ വകുപ്പുകൾക്കാണ് ബാധകമാക്കിയിട്ടുള്ളത്. എന്നിരുന്നാലും ജില്ലാ സഹകരണ ബാങ്കിൽ നിലവിലുള്ളതും 2014 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകളും (റിട്ടയർമെന്റ് ഒഴിവുകൾ ഉണ്ടാകുന്ന തീയതി സഹിതം) അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള കർശനനിർദ്ദേശം എറണാകുളം ജില്ലാ സഹകരണ ബാങ്ക് ഉൾപ്പെടെയുള്ള എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും അപ്പക്സ് സഹകരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്.

നന്മസ്റ്റോറുകൾ

110 (6561) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നന്മസ്റ്റോറുകളിലായി ആകെ എത്ര ജീവനക്കാരാണ് താല്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ആകെ 1686 പേരാണ് താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നത്.

സഹകരണ പെൻഷൻ പദ്ധതി പരിഷ്കരണം

111 (6562) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സംഘങ്ങളിൽ നിന്നും വിരമിച്ച സഹകരണ ജീവനക്കാരുടെ പെൻഷൻ പദ്ധതി പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പെൻഷൻ തുകയുടെ പരിധികൾ പരമാവധി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) പെൻഷനോടൊപ്പം അർഹതപ്പെട്ട ക്ഷാമബത്ത അനുവദിക്കുന്നതിനും ഫാമിലി പെൻഷൻ പുനഃസ്ഥാപിക്കുന്നതിനും ഉള്ള നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സഹകരണ സംഘങ്ങളിൽനിന്നും വിരമിച്ച സഹകരണ ജീവനക്കാരുടെ പെൻഷൻ പദ്ധതി പരിഷ്ക്കരിക്കുന്നതിനായുള്ള സഹകരണ പെൻഷൻ ബോർഡിന്റെ ശിപാർശ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly